# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 823** — **03.12.2014- ലെ മറുപടി.**

## സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ.മുരളീധരൻ | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) മഞ്ചേരിയിലും ഇടുക്കിയിലും പാലക്കാടും (പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ) ഓരോ മെഡിക്കൽ കോളേജ് വീതം സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു; എം.ബി.ബി.എസിനും എം.ഡി/എം.എസിനും എത്ര സീറ്റുകൾ ലഭ്യമായിരുന്നു; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ്; | (ബി) അഞ്ച്;<br>എം.ബി.ബി.എസിന് ആകെ 900 സീറ്റുകളും എംഡി/എം.എസിന് 430 സീറ്റുകളും ലഭ്യമായിരുന്നു. ഇപ്പോൾ എം.ബി.ബി. എസിന് 1250 സീറ്റുകളും എം.ഡി/ എം.എസിന് 525 സീറ്റുകളുമാണുള്ളത്. |
| (സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുകയെന്നതാണ് സർക്കാർ വിഭാവന ചെയ്യുന്നത്. കാസർഗോഡ്, തിരുവനന്തപുരം, കോന്നി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇവ കൂടാതെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതു സ്വകാര്യ പങ്കാളിത്തത്തിലുള്ള മെഡിക്കൽ കോളേജിന്റേയും പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ